ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി
ഹാജർ : ശ്രീമതി. പ്രീതി തമ്പാൻ, ന്യായാധികാരി
2026 മാർച്ച് മാസം 26 തീയ്യതി

ST 384/2024

കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, താമരശ്ശേരി പോലീസ് ക്രൈം. 893/23, (ശ്രീ. രഞ്ജിൻ ബേബി, APP)	പരാതിക്കാരൻ
1. മുഹമ്മദ് നയീം, വയസ്സ്: 25/2023 S/o.അബു പയങ്ങര വീട്, പുതുപ്പാടി പോസ്റ്റ്, 2. അഷ്കർ എ.പി, വയസ്സ്: 27/2023 S/o. പരീക്കുട്ടി, മലയിൽ വീട്, അമ്പായത്തോട് 3. അഭിനന്ദ് ടി.ടി, വയസ്സ്: 21/2023, S/o. സുനി, തൈത്തോട്ടത്തിൽ വീട്, രാരോത്ത്. 4. റിഷാം മോൻ കെ.കെ, വയസ്സ്: 25/2023 S/o.സൈനുദ്ദീൻ, കയ്യേലിക്കുന്നുമ്മൽ വീട്, താമരശ്ശേരി.	പ്രതികൾ

കുറ്റം : 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 143, 145, 147,283 r/w 149 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായത്.

ഉത്തരവ്

മേൽ നമ്പർ കേസിലെ പ്രതികൾക്കെതിരെ 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 143, 145, 147, 283 r/w 149 വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യത്തിന് താമരശ്ശേരി പോലീസ് ക്രൈം. 893/2023, പ്രകാരം രജിസ്റ്റർ ചെയ്ത കേസാണിത്.

പ്രതികൾ (A2,A3,A4) ഹാജരുണ്ട്. പ്രതികൾ (A2,A3,A4) പേരിലുള്ള കുറ്റത്തിന്റെ വിവരങ്ങൾ 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 143, 145, 147,283 r/w 149 വകുപ്പുകൾ പ്രകാരം വായിച്ചു കൊടുത്തു ബോധ്യപ്പെടുത്തി. പ്രതികൾ (A2,A3,A4) അപരാധികളാണെന്ന് സമ്മതിച്ചു. പ്രതികൾ (A2,A3,A4) കുറ്റസമ്മതം നടത്തിയത് സ്വമേധയാ ആണെന്ന് കോടതിക്ക് പരിപൂർണ്ണമായും ബോധ്യമായി. പ്രതികൾ (A2,A3,A4) കുറ്റക്കാരാണെന്ന് കണ്ടെത്തി

ആകയാൽ പ്രതികളെ (A2,A3,A4) ഇന്ത്യൻ ശിക്ഷാനിയമം 143 വകുപ്പ് പ്രകാരം ₹ 500/- (അഞ്ഞൂറു രൂപ) വീതം പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 3 ദിവസത്തെ സാധാരണ തടവിനും, ഇന്ത്യൻ ശിക്ഷാനിയമം 145 വകുപ്പ് പ്രകാരം ₹ 500/- (അഞ്ഞൂറു രൂപ) വീതം പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 3 ദിവസത്തെ സാധാരണ തടവിനും, ഇന്ത്യൻ ശിക്ഷാനിയമം 147 വകുപ്പ് പ്രകാരം ₹ 700/- (എഴുനൂറ് രൂപ) വീതം പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 5 ദിവസത്തെ സാധാരണ തടവിനും, ഇന്ത്യൻ ശിക്ഷാനിയമം 283 വകുപ്പ് പ്രകാരം ₹ 150/- (നൂറ്റി അൻപത് രൂപ) വീതം പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 1 ദിവസത്തെ സാധാരണ തടവിനും, ശിക്ഷിച്ചിരിക്കുന്നു. പ്രതി നമ്പർ 1 ന് എതിരെയുള്ള കേസ് ST 405/2024 ആയി വീണ്ടും ഫയൽ ചെയ്തു.

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2026 മാർച്ച് മാസം 26 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി